Draft #3 of File 4175/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Jul-2019 02:46 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

ഭരണകാര്യം - സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെന്ററുകൾ നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡൽഹിയിൽ ഒരു നോഡൽ/ലെയ്സൺ ഓഫീസറെ നിയമിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3641/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.07.2019

---

പരാമർശം:-1. 04.02.2019 ലെ വിവിധ ഡിപ്പാർട്മെന്റുകളിലെ പ്രോജെക്ട് കോ-ഓർഡിനേറ്റർമാരുടെ സമർപ്പണം, വൈസ്-ചാൻസിലർ (i/c) ന്റെ 06.02.2019ലെ ഉത്തരവ് സഹിതം.

2 . 26.02.2019-ലെ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നമ്പർ 4175/ADA 1/1/2019/ADA 1.

3 . 17.07.2019 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ: ഒ.എ 16/19.02/4175/ADA 1/1/2019/ADA 1

## ഉത്തരവ്

സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെൻററുകൾ നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡൽഹിയിൽ ഒരു ലെയ്സൺ ഓഫീസറെ നിയമിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ ഓഫ് പ്യുവർ & അപ്ലൈഡ് ഫിസിക്സ്,സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് ബയോ സയൻസസ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസസ് എന്നീ സർവകലാശാല വകുപ്പുകളുടെയും സെൻററിൻറെയും പ്രൊജക്റ്റ് കോ-ഓർഡിനേറ്റർമാർ പരാമർശം (1) പ്രകാരം വൈസ് ചാൻസിലർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

ആയത്, പരിഗണിച്ച വൈസ്-ചാൻസിലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം പരാമർശം (2) പ്രകാരം സിൻഡിക്കേറ്റിൻറെ പരിഗണനക്ക് സമർപ്പിച്ചിരുന്നു.

ടി വിഷയം പരിഗണിച്ച 17.07.2019-ലെ സിൻഡിക്കേറ്റ് യോഗം, സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെൻററുകൾ നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡൽഹിയിൽ നോഡൽ/ലെയ്സൺ ഓഫീസറായി ശ്രീമതി. വിജയകുമാരി ജോയ്സ് (V.K. Joyce, House No. 352/E-4, 11-12, Near Sarvodaya Co-Ed. Sr. Sec. School, Munirka, J.N.U. P.O., New Delhi - 100 067)-നെ, മുൻ നോഡൽ / ലെയ്സൺ ഓഫീസർക്ക് നൽകിയിരുന്ന വേതനമായ 25,000/- രൂപ പ്രതിമാസ നിരക്കിൽ ആറ് മാസത്തേക്ക് നിയമിക്കാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തി
2. വിവിധ പഠന വകുപ്പുകൾ/സെൻററുകൾ
3 . വൈസ് ചാൻസലർ / പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
6 . ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി സർവകലാശാല
7 . എസി.സി. സെക്ഷൻ/എഡി .ഡി സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ പി.ആർ.ഒ.
8 . സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 4175/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 29-Jul-2019 02:46 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം